അഞ്ചനാട് കാളനൈസേഷൻ പദ്ധതി.

* 645. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചനാട് കാളനൈസേഷൻ പദ്ധതിയനുസരിച്ച് എത്രപേർക്ക് ഇതിനകം ഭൂമി നൽകിക്കിട്ടുണ്ട്;

(ബി) ഭൂമി നൽകപ്പെട്ടവർക്ക് പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവണ്മെന്റിൽനിന്നും കൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഇതിനകം അവിടെയുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 772 കുടുംബങ്ങൾക്ക്.

(ബി) കൃഷിവായ്പ, കൃഷി ആയുധങ്ങൾ, ജലസേചനസൗകര്യം, വേനൽനിർമ്മാണം, ഗതാഗതസൗകര്യം, ആരോഗ്യസംരക്ഷണ പദ്ധതികൾ, വിദ്യാഭ്യാസ സഹകരണസംഘങ്ങൾ മുതലായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നു.

(സി) കൃഷിവായ്പകൾ, കൃഷി ആയുധവിതരണം, മലേറിയ നിവാരണ നടപടികൾ, കുടിവെള്ള ജലസേചന സൗകര്യങ്ങൾ, വേനൽനിർമ്മാണം, വന്യമൃഗങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള കിടങ്ങുകൾ മുതലായവ ചെയ്തിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ: അവിടെ എത്ര ഭവനം നിർമ്മിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: 55 വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് താമസിക്കാൻ കാമൺ ഷെഡ്ഡുകൾ ഉണ്ടാക്കിക്കൊടുത്തു.

ശ്രീ. പി. വിശ്വംഭരൻ: ഇവരുടെ ആനുകൂല്യങ്ങൾക്കുവേണ്ടി എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നുള്ള കണക്ക് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസ് വേണം.

ശ്രീ. പി. വിശ്വംഭരൻ: ഈ 55 പേരൊഴിച്ച് ബാക്കിയുള്ളവർ എത്ര നാൾ ഇങ്ങനെ താമസ ഷെഡ്ഡുകളിൽ കിടക്കണമെന്നാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബാക്കിയുള്ളവർക്കും വീടുകൾ വച്ചുകൊടുക്കണമെന്നുതന്നെ ഗവണ്മെന്റിനു താൽപര്യമുണ്ടായിരുന്നു. പക്ഷേ അത്രയും നാണയമിരിക്കയില്ലെന്നു വിചാരിച്ച് അവിടെ ഒരു സഹകരണസംഘം സ്ഥാപിച്ച് ആ സംഘംവഴി വീടുവയ്ക്കുമെന്നാണ് ഗവണ്മെന്റ് ഇതിനും ഉത്തരവു ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് കാലതാമസം വന്നത്. ആ താമസം ഉടൻ പരിഹരിക്കുന്നതാണ്.

ശ്രീ. പി. വിശ്വംഭരൻ: ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് നിർദ്ദേശിച്ചിട്ടുള്ള തുക മുഴുവൻ ചെലവഴിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ താമസിക്കുന്ന ആളുകൾക്ക് ചെയ്തുകൊടുക്കേണ്ട സൗകര്യം ചെയ്തുകൊടുക്കും. അതിനുള്ള തുക ചെലവാക്കും.

ശ്രീ. പ്രാക്കുളം ഭാസി: എന്നുമുതൽ ഈ പദ്ധതി ആരംഭിച്ചു?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1954-ലാണ്.

ശ്രീ. പ്രാക്കുളം ഭാസി: എത്രപേർക്ക് ഇതുവരെ സ്ഥലം കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 772 പേർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എത്രപേരെ താമസിപ്പിക്കണമെന്നുദ്ദേശിച്ചാണ് ഈ പദ്ധതി ആരംഭിച്ചത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏതാണ്ട് 8,000 കുടുംബക്കാരെ.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് സ്ഥലം കൊടുത്തു?

ശ്രീ. കെ. കൊച്ചുകുട്ടൻ: 200-ൽപരം ആളുകൾക്കു കൊടുത്തു. ഏതാണ്ട് 200 ആളുകൾക്കുകൂടി അടുത്തു കൊടുക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ സ്ഥലം മദ്രാസ് സംസ്ഥാനത്തിനു വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാൻപാടില്ല.

കമ്മ്യൂണിറ്റി പ്രോജക്ടുകളിലെ വായ്പകൾ

* 646. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നെയ്യാറിൻകര-വിളവങ്കോട്, കുന്നത്തുനാട്, ചാലക്കുടി എന്നീ കമ്മ്യൂണിറ്റി പ്രോജക്ടുകളിൽ ഓരോന്നിലും വായ്പകൾ നൽകുവാനായി നീക്കിവച്ചിട്ടുള്ള തുക എത്ര വീതം;

(ബി) ഓരോ പ്രോജക്ടിലുംനിന്ന് ഇതുവരെ കൊടുത്തിട്ടുള്ള വായ്പയുടെ തുക എന്ത്;

(സി) ഓരോ പ്രോജക്ടിലും എത്ര ആളുകൾക്ക് ഇതിനകം വായ്പ നൽകിയിട്ടുണ്ട്;

(ഡി) ഓരോ പ്രോജക്ടിലും പതിനായിരം രൂപയ്ക്കുമേലുള്ള തുകയ്ക്ക് എത്രപേർക്ക് വായ്പ കൊടുത്തിട്ടുണ്ട്;

(ഇ) ഒരാളിനു കൊടുത്തിട്ടുള്ള ഏറ്റവും വലിയ വായ്പ എത്ര രൂപ; അതാർക്ക്; ഏതാവശ്യത്തിന്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നെയ്യാറിൻകര-വിളവംകോട് 4,32,000 രൂപ
കുന്നത്തുനാട്-ചാലക്കുടി 5,93,000 ,,

(ബി) നെയ്യാറിൻകര-വിളവംകോട് കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്ന് ഇതുവരെ 2,62,121 രൂപ 14 അണ വായ്പ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly